**കേരള സർക്കാർ**

സംഗ്രഹം

ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC) ന്റെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (PIU)ന് ചെയർമാന്റേയും സെക്രട്ടറിയുടെയും പേരിൽ പാലക്കാട് ജില്ലാ ട്രഷറിയിൽ ഒരു സംയുക്ത പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **260/2018/ധന.** തിരുവനന്തപുരം, തീയതി **10.01.2018**

പരാമർശം - പാലക്കാട് IRTC – PIU ചെയർമാന്റേയും സെക്രട്ടറിയുടെയും 14.12.2017 ലെ IRTC-PIU/E2/968/17 നമ്പരായുള്ള കത്ത്

## ഉത്തരവ്

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പദ്ധതി പ്രവർത്തനത്തിന് വേണ്ടിയുള്ള തുകകൾ ട്രഷറി മുഖാന്തിരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഇതുവരെ IRTC – PIU വിന് നൽകിയിരുന്നത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അക്കൗണ്ടിലായിരുന്നുവെന്നും എന്നാൽ അംഗീകൃത ഏജൻസികൾ മുഖാന്തിരം വിവിധ സർക്കാർ വകുപ്പുകൾ നടപ്പാക്കുന്ന ഡെപ്പോസിറ്റ് വർക്കുകളുടെ തുക ബന്ധപ്പെട്ട നിർവഹണ ഏജൻസികളുടെ ടി എസ് ബി അക്കൗണ്ടിലേക്ക് നിക്ഷേപിക്കണമെന്ന സർക്കാർ നിർദേശം പാലിക്കുന്നതിനായി ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC) ന്റെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (PIU)ന് ചെയർമാന്റേയും സെക്രട്ടറിയുടെയും പേരിൽ പാലക്കാട് ജില്ലാ ട്രഷറിയിൽ ഒരു സംയുക്ത പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകണമെന്ന് പാലക്കാട് IRTC – PIU ചെയർമാനും സെക്രട്ടറിയും പരാമർശത്തിലെ കത്തിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനായി ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC) ന്റെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (PIU)ന് ചെയർമാന്റേയും സെക്രട്ടറിയുടെയും പേരിൽ പാലക്കാട് ജില്ലാ ട്രഷറിയിൽ ഒരു സംയുക്ത പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ - പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ്, മുണ്ടൂർ, പാലക്കാട് - 678 592

ജില്ലാ ട്രഷറി ഓഫീസർ, പാലക്കാട്

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ